# കേരള സർവകലാശാല

നം. പി.ആർ.091/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ യൂണറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷ ജൂൺ 30-ന് തുടങ്ങും. ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ ഒന്ന് മുതൽ നടത്താം. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ എട്ട് (50 രൂപ പിഴയോടെ ജൂൺ 10, 250 രൂപ പിഴയോടെ ജൂൺ 13) വരെ ഫീസ് അടയ്ക്കാം. കോഴ്സ് പൂർത്തിയാക്കിയവർ 200 രൂപ സബ്സികന്റ് ഫീസായും അടയ്ക്കണം.

ജൂലൈ 11-ന് തുടങ്ങുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയ്ക്ക് ജൂൺ ഒന്ന് മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ ജൂൺ എട്ട് (50 രൂപ പിഴയോടെ ജൂൺ 10, 250 രൂപ പിഴയോടെ ജൂൺ 14) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### എം.ബി.എ ഫലം

കേരള സർവകലാശാല 2015 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം, പാർട്ട് ടൈം & റഗുലർ (ഈവനിംഗ്), 2009 സ്കീം - (റഗുലർ & സപ്ലിമെന്ററി)) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പോസ്റ്റ് - ഡോക്ടറൽ ഫെലോഷിപ്പ്

യു.ജി.സി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് (2017-18) എസ്.സി/എസ്.ടി വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. യോഗ്യരായവർ ജൂൺ 30-നകം ഓൺലൈനായി അപേക്ഷിക്കണം. വിശദവിവരങ്ങൾ യു.ജി.സി വെബ്സൈറ്റിൽ (www.ugc.ac.in) ലഭിക്കും. ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ് - റഗുലർ 2013 അഡ്മിഷൻ) പരീക്ഷകൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ നടത്താം. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 10 (50 രൂപ പിഴയോടെ ജൂൺ 13, 250 രൂപ പിഴയോടെ ജൂൺ 14) വരെ ഫീസ് അടയ്ക്കാം. സപ്ലിമെന്ററി (2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ ഫീസ് അടച്ച് അപേക്ഷ നേരിട്ട് സർവകലാശാലയിൽ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## ബി.ആർക് ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി (2008 സ്കീം), 2015 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ആർക് (റഗുലർ & സപ്ലിമെന്ററി - 2008 & 2013 സ്കീം), 2015 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
01.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**